entri

# Current affairs 26 Aug 2025

- 2025 ആഗസ്റ്റ് 20 ന് ലോക്സഭയിൽ ഭരണഘടന (130-ാമത് ഭേദഗതി) ബിൽ, 2025 അവതരിപ്പിച്ചത്
  അമിത് ഷാ (കേന്ദ്ര ആഭ്യന്തര മന്ത്രി)
  - ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങളുടെ പേരിൽ അറസ്റ്റ് ചെയ്യപ്പെടുകയും തടങ്കലിൽ വയ്ക്കുകയും ചെയ്താൽ പ്രധാനമന്ത്രിയെയോ, ഒരു സംസ്ഥാന മുഖ്യമന്ത്രിയെയോ, കേന്ദ്രത്തിലോ സംസ്ഥാന സർക്കാരിലോ ഉള്ള മറ്റേതെങ്കിലും മന്ത്രിയെയോ നീക്കം ചെയ്യാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു.

---

- ജയ്പുരിൽ നടന്ന 2025ലെ മിസ്സ് യൂണിവേഴ്സ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്
  മണിക വിശ്വകർമ്മ

---

- ഇന്ത്യയുടെ സുപ്രധാന സൈനിക, സിവിലിയൻ ഇൻസ്റ്റാളേഷനുകൾ സംരക്ഷിക്കുന്നതിനും ശത്രു ഭീഷണി ഉണ്ടായാൽ നിർണായക പ്രതികരണം നൽകുന്നതിനുമായി അഡ്വാൻസ്ഡ് പ്രതിരോധ സംവിധാനം വികസിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ 10 വർഷത്തെ പദ്ധതി
  മിഷൻ സുദർശൻ ചക്ര
  - 2035നുള്ളിൽ ഇന്ത്യ രാജ്യത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ബൃഹത്തായ പ്രതിരോധ സംവിധാനമാണ് സുദർശൻ ചക്ര.
  - പുരാണകഥാപാത്രമായ കൃഷ്ണന്റെ കൈവശമുണ്ടായിരുന്ന ആയുധമായ സുദർശന ചക്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഇന്ത്യയുടെ പുതിയ പ്രതിരോധ സംവിധാനത്തിന് അതേ പേര് നൽകിയത്.

---

- 2025ലെ പുരുഷ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിന്റെ ഭാഗ്യചിഹ്നം
  ചന്ദ് (കടുവ)

---

- 2025-ലെ ബ്രാൻഡ് ഫിനാൻസ് റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും മൂല്യവത്തായ ഫുട്ബോൾ ക്ലബ്ബ് ആയി തെരഞ്ഞെടുക്കപ്പെട്ടത്
  റയൽ മാഡ്രിഡ്



അമിത് ഷാ



മണിക വിശ്വകർമ്മ






4.8 ★ Download the app now | Learn in Malayalam